**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം**

**തൈക്കാട്, തിരുവനന്തപുരം-14.**

വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം- 0471-2323960

ഇ-മെയിൽ : director.ims@kerala.gov.in,cru.ims@kerala.gov.in

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടിഉത്തരവ്**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് -ജീവനക്കാര്യം-വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിലെ സർജൻ-ഡോ. ഷഹീദ് .എസ്-ന്റെ രാജി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.ഡോ. ഷഹീദ് എസ്. -ന്റെ 30.03.2023 തീയതിയിലെ അപേക്ഷ

2.ദക്ഷിണ മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 03.02.2024 തീയതിയിലെ കത്ത്

3.അക്കൌണ്ടന്റ് ജനറൽ കേരളയുടെ 15.07.2024 തീയതിയിലെ GE05/F /SS496/1083135/550 നമ്പർ കത്ത്

**ഉത്തരവ് നമ്പർ – ഇ1-794/2021// ഡി ഐ എം എസ് തീയതി:05-08-2024**

കേരളപുരം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ 25.05.2020 തീയതി പൂർവാഹ്നം അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഡോ. ഷഹീദ് എസ് വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചതിനെത്തുടർന്ന് 30.03.2023 തീയതിയിൽ ജോലിയിൽ പ്രവേശിക്കുകയും അന്നേദിവസം തന്നെ പരാമർശം (1) പ്രകാരമുള്ള രാജി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ടി അപേക്ഷ പരാമർശം (2) പ്രകാരം ദക്ഷിണമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ചിരിക്കുന്നു.

ഡോ. ഷഹീദ് എസ്. 30.03.2023 തീയതി മുതൽ അവധിയിലാണെന്ന് പരാമർശം (3) പ്രകാരം അക്കൌണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. ഡോ. ഷഹീദ് എസ്-ന്റെ പേരിൽ സർക്കാരിലേയ്ക്ക് ബാദ്ധ്യതകളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിലും ടിയാനെതിരെ വകുപ്പിൽ അച്ചടക്ക നടപടിയൊന്നും ഇല്ലാത്തതിനാലും ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കെ.എസ്.ആർ.ഭാഗം III ചട്ടം 29(A) പ്രകാരം ടിയാന്റെ മുൻകാല സർവ്വീസ് നഷ്ടപ്പെടുന്നതാണെന്നും, ടിയാന് പെൻഷൻ ഉൾപ്പെടെയുള്ള യാതൊരുവിധ സേവനാനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല എന്നുമുള്ള വ്യവസ്ഥയിൽമേൽ 30.03.2023 തീയതി പ്രാബല്യത്തിൽ ടിയാന്റെ രാജി അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Joan Karen Meyn
Date: 05-08-2024 14:06:24

**ഡോ.JOAN KAREN MEYN**

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

**(ഇൻ-ചാർജ്)**

സ്വീകർത്താവ്

ഡോ.ഷഹീദ് . എസ്. (വടവാതൂർ ഇ.എസ്.ഐ.ആശുപത്രി സൂപ്രണ്ട് മുഖേന)

പകർപ്പ്:-

1.അക്കൌണ്ടന്റ് ജനറൽ കേരള തിരുവനന്തപുരം

2.റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
ദക്ഷിണ മേഖല കൊല്ലം

3. സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി വടവാതൂർ

4.ഫയൽ സ്റ്റോക്ക് ഫയൽ